**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3968** **27-10-2021 - ൽ മറുപടിയ്ക്ക്**

**അംഗൻവാടി ജീവനക്കാരുടെ ഓണറേറിയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം.കെ . മുനീർ | | **Smt Veena George**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | അംഗൻവാടി ജീവനക്കാരുടെ ഓണറേറിയം വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ; | (എ) | കാലാകാലങ്ങളിൽ കേന്ദ്ര സർക്കാർ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളുടേയും സംസ്ഥാന സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകളുടേയും മാർഗ്ഗ നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിലാണ് അങ്കണവാടി ജീവനക്കാരുടെ ഹോണറേറിയം നൽകുന്നത്. 27.12.2019ലെ സ.ഉ(സാധാ)നം. 803/2019/സാനീവ പ്രകാരം അങ്കണവാടി ജീവനക്കാരുടെ ഓണറേറിയം വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. നിലവിൽ അങ്കണവാടി വർക്കർക്ക് 12,000/- രൂപയും, മിനി അങ്കണവാടി വർക്കർക്ക് 11,000/- രൂപയും ഹെൽപ്പർക്ക് 8,000/-രൂപയുമാണ് നൽകി വരുന്നത്. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. ബഹു.ധനകാര്യ മന്ത്രി നിയമസഭയിൽ അവതരിപ്പിച്ച 2021-22 സാമ്പത്തിക വർഷത്തെ ബജറ്റിലെ പരാമർശത്തിന്റെ അടിസ്ഥാനത്തിൽ 10 വർഷം വരെ സർവ്വീസുള്ള അങ്കണവാടി പ്രവർത്തകർക്ക് 500/- രൂപയും, 10 വർഷത്തിന് മുകളിൽ സർവ്വീസ് ഉള്ളവർക്ക് 1000/-രൂപയും വീതം ഓണറേറിയം വർദ്ധിപ്പിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) | അംഗൻവാടി ജീവനക്കാരുടെ ഓണറേറിയം അവസാനമായി വർദ്ധിപ്പിച്ചത് എന്നാണെന്ന് വ്യക്തമാക്കാമോ? | (ബി) | അങ്കണവാടി പ്രവർത്തകരുടെ ഹോണറേറിയം കേന്ദ്ര സർക്കാർ 2/2019 ലും സംസ്ഥാന സർക്കാർ 12/2019 ലുമാണ് അവസാനമായി വർദ്ധിപ്പിച്ചത്. |

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

വനിതാ-ശിശുവികസന വകുപ്പ്- സംയോജിത ശിശുവികസന പദ്ധതി- അംഗൻവാടി ജീവനക്കാരുടെ ഓണറേറിയം വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യ നീതി (ബി) വകുപ്പ്

സ.ഉ(സാധാ) നം. 803/2019/സാനീവ                    തീയതി, തിരുവനന്തപുരം. 27/12/2019

---

പരാമർശം: 1. സ.ഉ(സാധാ) നം. 81/2019/സാനീവ. തീയതി. 11/02/2019

2. വനിതാ-ശിശുവികസന വകുപ്പ് ഡയറക്ടറുടെ 11/11/2019-ലെ ICDS B6/31472/19 നമ്പർ കത്ത്

ഉത്തരവ്

സംസ്ഥാനത്തെ അംഗൻവാടി ജീവനക്കാർക്ക് പരാമർശം (1) പ്രകാരം ചുവടെ ചേർത്തിരിക്കുന്ന നിരക്കിലാണ് ഓണറേറിയം നൽകി വരുന്നത്.

പട്ടിക- 1

| വിഭാഗം | കേന്ദ്ര വിഹിതം (₹) | സംസ്ഥാന വിഹിതം (₹) | തദ്ദേശസ്വയംഭരണ സ്ഥാപനവിഹിതം (₹) | ആകെ (₹) |
|---|---|---|---|---|
| മെയിൻ അംഗൻവാടി വർക്കർ | 4,500 | 4,800 | 2,200 | 11,500 |
| മിനി അംഗൻവാടി വർക്കർ | 3,500 | 4,800 | 2,200 | 10,500 |
| അംഗൻവാടി ഹെൽപ്പർ | 2,250 | 4,050 | 1,450 | 7,750 |

2. 2019-2020 ലെ സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിനെ സംബന്ധിച്ചുള്ള പൊതുചർച്ചയിൽ മറുപടി പ്രസംഗത്തിൽ ബഹു. ധനകാര്യ വകുപ്പ് മന്ത്രി, അംഗൻവാടി വർക്കർമാരുടെ വേതനം കേന്ദ്രസർക്കാർ വരുത്തിയ വർദ്ധനവടക്കം 10,000/- രൂപയിൽ നിന്നും 12,000/- രൂപയായും ഹെൽപ്പർമാരുടെ വേതനം 7,000/- രൂപയിൽ നിന്നും 8,000/- രൂപയായും

വർദ്ധിപ്പിക്കുമെന്ന് പ്രഖ്യാപിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരം വനിതാ-ശിശുവികസനവകുപ്പ് ഡയറക്ടർ, അംഗൻവാടി ജീവനക്കാരുടെ വേതനത്തിന്റെ സംസ്ഥാന വിഹിതം ചുവടെ ചേർത്തിരിക്കുന്ന നിരക്കിൽ വർദ്ധിപ്പിക്കുന്നതിന് പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായി.

പട്ടിക-2

| വിഭാഗം | നിലവിലെ തുക (₹) | വർദ്ധനവ് (₹) | വർദ്ധിപ്പിച്ച സംസ്ഥാന വിഹിതം (₹) |
|---|---|---|---|
| മെയിൻ & മിനി അംഗൻവാടി വർക്കർ | 4,800 | 500 | 5,300 |
| അംഗൻവാടി ഹെൽപ്പർ | 4,050 | 250 | 4,300 |

3. മേൽ പ്രകാരം 01/04/2019 മുതൽ അംഗൻവാടി പ്രവർത്തകർക്ക് ഓണറേറിയം വർദ്ധിപ്പിച്ച് നൽകുന്നതിന് ₹29,76,48,000/- (ഇരുപത്തിയൊൻപത് കോടി എഴുപത്തിയാറ് ലക്ഷത്തി നാൽപ്പത്തിയെണ്ണായിരം രൂപ മാത്രം) 2235-02-102-55 (NP) എന്ന ശീർഷകത്തിൽ അധികമായി അനുവദിക്കേണ്ടതുണ്ടെന്നും ആയതിന് സർക്കാർ അനുമതി നൽകണമെന്നും വനിതാ-ശിശുവികസന വകുപ്പ് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽ സാഹചര്യത്തിൽ, 01/04/2019 മുതൽ പ്രാബല്യത്തിൽ കേരളത്തിലെ അംഗൻവാടി ജീവനക്കാരുടെ ഓണറേറിയത്തിന്റെ സംസ്ഥാനവിഹിതം പട്ടിക (2) പ്രകാരം വർദ്ധിപ്പിച്ചുകൊണ്ടും അപ്രകാരം മെയിൻ അംഗൻവാടി വർക്കർ, മിനി അംഗൻവാടി വർക്കർ, അംഗൻവാടി ഹെൽപ്പർ എന്നിവരുടെ ആകെ പ്രതിമാസ ഓണറേറിയം യഥാക്രമം ₹12,000/- (പന്ത്രണ്ടായിരം രൂപ മാത്രം), ₹11,000/- (പതിനൊന്നായിരം രൂപ മാത്രം), ₹8,000/- (എണ്ണായിരം രൂപ മാത്രം) എന്ന നിരക്കിൽ വർദ്ധിപ്പിച്ചുകൊണ്ടും ആതിനാവശ്യമായ തുക 2235-02-102-55 (NP) എന്ന ശീർഷകത്തിൽ നിന്നും വഹിക്കുന്നതിന് അനുമതി നൽകിക്കൊണ്ടും 2235-02-102-55 (NP) എന്ന ശീർഷകത്തിൽ 116.8369 കോടി രൂപ നിലവിൽ അവശേഷിക്കുന്ന സാഹചര്യത്തിൽ

01/04/2019 മുതൽ അംഗൻവാടി പ്രവർത്തകർക്ക് ഓണറേറിയം വർദ്ധിപ്പിച്ച് നൽകുന്നതിന് ആവശ്യമായ 29,76,48,000/- രൂപ ടി തുകയിൽനിന്നും വിനിയോഗിക്കുവാനും ബഡ്ജറ്റ് വിഹിതം തീരുന്ന മുറയ്ക്ക് അധിക ധനാനുമതിക്കുള്ള ശുപാർശ സമർപ്പിക്കുവാനും വനിതാ-ശിശുവികസന വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിക്കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
ബിജു പ്രഭാകർ ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

വനിതാ-ശിശുവികസനവകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
ധനകാര്യ(വെൽഫെയർവിംഗ്)വകുപ്പ്[WW-WW2/487/2017-FIN(e-1024256),തീയതി. 13/12/2019 പ്രകാരം]
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ &ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഡി ബി സെൽ), കേരള, തിരുവനന്തപുരം
വെബ്&ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ